I ഇ.ബി. XIV-കേരള നിയമസഭ/XVI-11

**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2019 നവംബർ 11, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

വികസന പദ്ധതികളുടെ സ്തംഭനാവസ്ഥ

മി. സ്പീക്കർ: സ്പിൽ ഓവർ വർക്കുകളുടെയും ക്യൂവിൽ നിന്ന ബില്ലുകളുടെയും തുക ഈ വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും വെട്ടിച്ചുരുക്കിയതും നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി പുനർനിർണ്ണയിക്കേണ്ടിവന്നതും പദ്ധതിയിൽ വെട്ടിക്കുറവ് വരുത്തുന്നതും ബില്ലുകൾ മാറി നൽകാത്തതും

കാരണം ത്രിതല പഞ്ചായത്തുകളുടെ വികസന പദ്ധതികൾ സ്തംഭിക്കാനിടയായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പദ്ധതിത്തുക വെട്ടിക്കുറച്ചുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. സ്പിൽ ഓവർ വർക്കുകളും ക്യൂവിലുള്ള ബില്ലുകളും ഉൾപ്പെടുത്തി തുക വർദ്ധിപ്പിച്ചുനൽകുമെന്നും വകുപ്പുകൾ പ്ലാനിൽ മുൻഗണന പുതുക്കി നിശ്ചയിക്കണമെന്നുമാണ് അറിയിച്ചിട്ടുള്ളത്. പെൻഡിംഗ് ബില്ലുകൾ റിലീസ് ചെയ്തുതുടങ്ങിയിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: ഗുരുതര സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് പദ്ധതി വിഹിതം വെട്ടിക്കുറച്ചതിനാൽ ത്രിതല പഞ്ചായത്തുകളുടെ വികസനം സ്തംഭിച്ചിരിക്കുകയാണ്. പ്ലാൻ റിവൈസ് ചെയ്ത് 20 ശതമാനം തുക അധികം അനുവദിച്ചുനൽകിക്കൊണ്ടുള്ള ഉത്തരവിറക്കിയിട്ടില്ല. കഴിഞ്ഞ വർഷം ക്യൂവിൽ നിന്ന ബില്ലുകൾ ഇത്തവണത്തെ പ്ലാൻ ഫണ്ടിൽനിന്നും നൽകിയതുകൊണ്ട്

ഈ വർഷം തയ്യാറാക്കിയ പ്ലാൻ റിവൈസ് ചെയ്യേണ്ടിവന്നു. ഈ സാമ്പത്തിക വർഷം നാളിതുവരെ  കൃൂവിൽ നിന്ന ബില്ലുകൾ ഉൾപ്പെടെ പദ്ധതിച്ചെലവ് 20 ശതമാനത്തിൽത്താഴെയാണ്. ഇത്തവണത്തെ പദ്ധതിപ്രവർത്തനങ്ങൾ വെട്ടിച്ചുരുക്കാതെ കൃൂവിൽ നിന്ന ബില്ലുകളുടെ തുക അധികമായി നൽകാനും 2020 മാർച്ച് 31-നുമുമ്പ് സമർപ്പിക്കുന്ന എല്ലാ ബില്ലുകളും ഈ വർഷത്തെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി നൽകാനും നടപടി സ്വീകരിക്കണം. തുക വകമാറ്റി ചെലവഴിക്കുകയും അർഹതപ്പെട്ട ഫണ്ട് നൽകാതെ പ്രാദേശിക ഗവൺമെന്റുകളെ തകർക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): മുൻഗണന നിശ്ചയിച്ച് പ്ലാൻ റിവൈസ് ചെയ്യുന്നതിന് കൃത്യമായ ഉത്തരവിറക്കിയിട്ടുണ്ട്. നിലവിൽ അനുവദിച്ച തുക ചെലവഴിച്ചതിനുശേഷം കൃൂവിൽ നിൽക്കുന്ന ബില്ലുകളുടെ തുക അധീഷണലായി നൽകുന്നതാണ്. സംസ്ഥാനങ്ങൾക്കുള്ള വായ്പാപരിധി കേന്ദ്രസർക്കാർ വെട്ടിക്കുറയ്ക്കുകയും കോർപ്പറേറ്റുകൾക്ക് നികുതി ഇളവ് നൽകുകയും ചെയ്ത നടപടിയും  ജി.എസ്.ടി. വരുമാനത്തിലെ കുറവും സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങളിൽ

പ്രതിഫലിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ചെലവിൽ ഗണ്യമായ വർദ്ധനവ് വരുത്തുകയും ഫിസ്കൽ ഡെഫിസിറ്റ് വർദ്ധിപ്പിക്കുകയും ചെയ്താൽ പ്ലാൻ കട്ട് ഒഴിവാക്കാൻ സാധിക്കും. റീബിൽഡ് കേരളയിലുൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള തുക നൽകുന്നത്. പഞ്ചായത്തുകളുടെ മെയിന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, എം. ഉമ്മർ, സി. എഫ്. തോമസ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

(1) <u>തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: വേതന പരിഷ്കരണവും പ്രത്യേക

ഭവനനിർമ്മാണ പദ്ധതിയുമുൾപ്പെടെ തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച ചർച്ചകൾ ധാരണയിലെത്താത്ത സാഹചര്യത്തിൽ തൊഴിലാളികൾക്ക് പ്രതിദിനം 50 രൂപ ഇടക്കാലാശ്വാസം നൽകിവരുന്നുണ്ട്. അർഹരായ തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകാൻ ലൈഫ് മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്വന്തമായി സ്ഥലമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനായി മൂന്നാറിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഭൂമി കൈമാറ്റം ചെയ്തുകിട്ടുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. തോട്ടമുടമകളിൽനിന്നും സൗജന്യമായി സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(2) പി.എസ്.സി. നിയമനവും ചട്ടങ്ങൾ രൂപീകരണവും

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സംസ്ഥാനത്തെ പൊതുമേഖല/ സാംസ്കാരിക/സഹകരണ സ്ഥാപനങ്ങളിലെയും ക്ഷേമനിധികളിലെയും നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിനും നിയമനത്തിനായി

പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കാത്ത സ്ഥാപനങ്ങളിൽ അടിയന്തരമായി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർക്കാരിന്റെ പ്രഖ്യാപിത നയമനുസരിച്ച് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെയും സർക്കാർ അധീനതയിലുള്ള മറ്റ് സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവരുന്നതിനാവശ്യമായ വിശേഷാൽ ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കാനും ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## III സബ്മിഷൻ

### (1) ടാർ മിക്സിംഗ് പ്ലാന്റുമൂലമുള്ള മലിനീകരണം

ശ്രീ. വി. ടി. ബൽറാം: തൃത്താല ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന എച്ച്.കെ. കൺസ്ട്രക്ഷൻസ് എന്ന ടാർ മിക്സിംഗ് പ്ലാന്റ് സൃഷ്ടിക്കുന്ന മലിനീകരണ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തൃത്താല ഗ്രാമപഞ്ചായത്തിൽ

പ്രവർത്തിക്കുന്ന ടാർ മിക്സിംഗ് പ്ലാന്റിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഫയർ ആൻഡ് റെസ്ക്യൂ ഡിപ്പാർട്ടുമെന്റിന്റെയും നിരാക്ഷേപ പത്രങ്ങളുടെയും ഹൈക്കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. വായു മലിനീകരണ നിയന്ത്രണോപാധികൾ സ്ഥാപിക്കുകയും തുടർച്ചയായി പ്ലാന്റ് പ്രവർത്തിക്കുമ്പോൾ വായു ഗുണനിലവാര പരിധി ലംഘിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

(2) കുടിവെള്ള ക്ഷാമം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ആലപ്പുഴ മുനിസിപ്പാലിറ്റിയിലും എട്ട് പഞ്ചായത്തുകളിലും അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: ആലപ്പുഴ നഗരത്തിലെയും അരൂരിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ പ്രധാനഘടകങ്ങളിലൊന്നായ 19.3 കിലോമീറ്റർ നീളമുള്ള റാ വാട്ടർ പമ്പിംഗ് മെയിൻ കടന്നുപോകുന്ന അമ്പലപ്പുഴ-തിരുവല്ല സംസ്ഥാന പാതയിലെ പൈപ്പ് ലൈൻ നിരന്തരമായി പൊട്ടി കുടിവെള്ള വിതരണം

തടസ്സപ്പെടുന്ന അവസരത്തിൽ കുഴൽക്കിണറുകളും ആർ.ഒ. പ്ലാന്റുകളും പ്രവർത്തിപ്പിച്ച് ടാങ്കർ ലോറി വഴിയാണ് കുടിവെള്ള വിതരണം നടത്തുന്നത്. തുടർച്ചയായി പൈപ്പ് ലൈൻ പൊട്ടുന്നത് സംബന്ധിച്ച് വിജിലൻസ് വകുപ്പ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടി പൈപ്പ് ലൈൻ പൂർണ്ണമായി മാറ്റിസ്ഥാപിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഇന്ന് ചർച്ച നടത്തുന്നതാണ്.

(3) ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് നിർമ്മാണം

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും സ്പോർട്സ് കൗൺസിലിന്റെ അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 4.45 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ കായിക എഞ്ചിനീയറിംഗ് വിഭാഗം സർക്കാരിന്

സമർപ്പിച്ചെങ്കിലും പ്രളയംമൂലമുള്ള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ പരിഗണിക്കാൻ സാധിച്ചിട്ടില്ല. അടിയന്തര പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് സാമ്പത്തിക സ്ഥിതിക്കനുസരിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(4) ബിരുദ സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷൻ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സൗദിഅറേബ്യയിലും യു.എ.ഇ.-യിലും ജോലിചെയ്യുന്ന മലയാളികളുടെ ബിരുദ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): യു.എ.ഇ.-യിൽ നിലവിൽ ജോലിചെയ്തുവരുന്ന മലയാളികളുടെ തൊഴിൽ നഷ്ടവുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യു.എ.ഇ. ഇന്ത്യൻ കോൺസുലേറ്റ് ജനറലുമായി ചർച്ച ചെയ്തെങ്കിലും അവർ നിലപാട് മാറ്റാൻ തയ്യാറായിട്ടില്ല.

(5) റോഡ് നവീകരണം

ശ്രീ. ബി. സത്യൻ: ചാത്തമ്പാറ-പറങ്കിമാംവിള-മണനൂർ-കടുവയിൽ പള്ളി

റോഡ് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ചാത്തമ്പാറ-പറങ്കിമാംവിള-മണമ്പൂർ-കടുവയിൽ പള്ളി റോഡിന് ബഡ്ജറ്റിൽ അനുവദിച്ച മൂന്ന് കോടി രൂപ അപര്യാപ്തമായതിനാൽ എസ്റ്റിമേറ്റ് പുതുക്കി പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നമുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(6) പാലങ്ങളുടെ പുനർനിർമ്മാണം

ശ്രീ. പി. കെ. ബഷീർ: അരീക്കോട്, സീതിഹാജി പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അരീക്കോട്, സീതിഹാജി പാലങ്ങളുടെ പുനർനിർമ്മാണം ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് മാറ്റിവച്ചിട്ടുള്ളത്. പാലത്തിന് പ്രത്യേക വിഭാഗം രൂപീകരിച്ച് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ള 70 കോടി രൂപയിൽ ഇവ ഉൾപ്പെടുത്താൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

(7) വടുതല റെയിൽവേ ഓവർ ബ്രിഡ്ജ്

ശ്രീ. ടി. ജെ. വിനോദ്: വടുതല റെയിൽവേ ഓവർ ബ്രിഡ്ജ്

യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): വടുതല മേൽപ്പാല നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുകയും റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ലിമിറ്റഡ് നിർമ്മാണച്ചെലവുകൾ വഹിക്കുകയും ചെയ്തുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്. മേൽപ്പാലത്തിന്റെ കിഴക്ക് ഇരുവശത്തും സർവ്വീസ് റോഡ് വരുന്ന വിധത്തിൽ അലൈൻമെന്റ് ഭേദഗതി ചെയ്യേണ്ടിവന്നതിന്റെ സ്കെച്ചും ഏരിയാ സ്റ്റേറ്റ്മെന്റും തയ്യാറാക്കി മേൽനടപടിക്കായി ലാന്റ് റവന്യൂ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്. പച്ചാളം ഭാഗത്തുള്ള അപ്രോച്ച് റോഡിന് രണ്ട് ഓപ്ഷനുകൾക്കുള്ള സ്കെച്ചുകൾ തയ്യാറാക്കി റെയിൽവേയുടെ അംഗീകാരത്തിന് സമർപ്പിച്ച് അലൈൻമെന്റിന്റെ കാര്യത്തിൽ തീരുമാനമെടുക്കാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

### (8) ദേശീയ കുടുംബക്ഷേമ പദ്ധതി

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സാമൂഹ്യനീതി വകുപ്പിന്റെ ദേശീയ കുടുംബക്ഷേമ പദ്ധതി സംബന്ധിച്ച ഉത്തരവ് തിരുത്തുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 22.04.1998-ലെ സാമൂഹ്യനീതി വകുപ്പിന്റെ ഉത്തരവുപ്രകാരം ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അപേക്ഷ സമർപ്പിക്കേണ്ട വരുമാനപരിധി 11,000 രൂപ എന്നത് കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരം മാറ്റംവരുത്തി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് എന്നാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(9) ഇടുക്കി പുനർനിർമ്മാണ പാക്കേജ്

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി പുനർനിർമ്മാണ പാക്കേജ് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഇടുക്കി ജില്ലയുടെ സമസ്ത മേഖലകളെയും ഉൾപ്പെടുത്തി 5,000 കോടി രൂപയുടെ പാക്കേജിനാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്. വിവിധ സ്രോതസ്സുകളിൽ നിന്നും 1,500 കോടി രൂപ അടങ്കൽ തുക കണ്ടെത്തി പാക്കേജിന് വകയിരുത്തുകയും വിവിധ പദ്ധതികൾ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജീവനോപാധികളുടെ വികസനത്തിനായി റീബിൽഡ് കേരള പദ്ധതിയുടെ ഉന്നതാധികാര സമിതി അംഗീകരിച്ച 250

കോടി രൂപ ജില്ലയിലെ കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. മറ്റ് വകുപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(10) എന്റർടെയിൻമെന്റ് ടാക്സ്

ശ്രീ. മാണി സി. കാപ്പൻ: മലയാള സിനിമാ വ്യവസായത്തെ തകർച്ചയിൽ നിന്ന് കരകയറ്റുന്നതിനും സിനിമാ ടിക്കറ്റിന് ഏർപ്പെടുത്തിയ എന്റർടെയിൻമെന്റ് ടാക്സ് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ജി.എസ്.ടി. 18 ശതമാനത്തിൽനിന്ന് 12 ശതമാനമാക്കിയപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നഷ്ടത്തിലെ അന്തരം കൂടുകയും നിലവിലെ സാമ്പത്തിക സ്ഥിതിക്ക് ആനുപാതികമായ തുക നൽകാൻ സാധിക്കാത്തതുമായ സാഹചര്യത്തിൽ സിനിമാ മേഖലയ്ക്കായി എന്റർടെയിൻമെന്റ് ടാക്സിനത്തിലുള്ള ഇളവ് അനുവദിക്കാൻ സാധിക്കില്ല.

# IV നിയമനിർമ്മാണകാര്യം

## (1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വകുപ്പുകളുടെ ഏകോപനമില്ലായ്മയും ആസ്ഥാന മന്ദിരത്തിന്റെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവവും സർവ്വകലാശാലയുടെ വളർച്ചയ്ക്ക് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ ഏകോപനമില്ലായ്മ പരിഹരിക്കുന്നതിനും വെറ്ററിനറി സർവ്വകലാശാലയെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. വെറ്ററിനറി സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം

സ്ഥാപിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കണം. സർവ്വകലാശാലകളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഗ്രാന്റ് നൽകാനും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് സ്ഥിരം നിയമനം നടത്താനും 2019-20-ലെ പ്ലാൻ ഫണ്ടിൽ വെറ്ററിനറി സർവ്വകലാശാലയ്ക്കായി നീക്കിവച്ചിട്ടുള്ള തുക ലഭ്യമാക്കാനും നടപടിയുണ്ടാകണം.

ശ്രീമതി വീണാ ജോർജ്ജ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഇന്ത്യൻ വെറ്ററിനറി കൗൺസിലിന്റെ ഡയറക്ടറെ ഒഴിവാക്കി സെർച്ച് കമ്മിറ്റിയിൽ മൂന്നംഗങ്ങളായി പരിമിതപ്പെടുത്താനും വെറ്ററിനറി സർവ്വകലാശാലയെ സ്വതന്ത്ര അസ്തിത്വമുള്ള ഒരു സർവ്വകലാശാലയായി ഉയർത്തിക്കൊണ്ടുവരാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേന്ദ്ര വനം നിയമത്തിന്റെ നൂലാമാലകളിൽപ്പെട്ട് തടസ്സപ്പെട്ടുകിടക്കുന്ന ടി സർവ്വകലാശാലയുടെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം യാഥാർത്ഥ്യമാക്കുകയും അതുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ട

ആദിവാസി കുടുംബങ്ങളിൽനിന്നും വ്യവസ്ഥ പ്രകാരം ജോലി ലഭിച്ച 118 പേർക്കും സ്ഥിര നിയമനം നൽകുകയും ചെയ്യണം. സർവ്വകലാശാലയ്ക്ക് വൈസ്ചാൻസലറെയും ആവശ്യമായ അദ്ധ്യാപകരെയും നിയമിക്കുന്നതിനും കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും നടപടി സ്വീകരിക്കണം. ക്ഷീരകർഷകർക്കിടയിൽ പ്രാദേശികമായ ഇടപെടൽ നടത്താൻ പ്രസ്തുത സർവ്വകലാശാലയ്ക്ക് സാധിക്കണം. സർവ്വകലാശാലയുടെ ഒരു സെന്റർ തെക്കൻ കേരളത്തിൽ സ്ഥാപിക്കാൻ മുൻകയ്യെടുക്കണം. ധവളവിപ്ലവത്തിന്റെ പിതാവായ ഡോ. വർഗ്ഗീസ് കുര്യന് സർവ്വകലാശാലയിൽ ഒരു സ്മാരകം സ്ഥാപിക്കണം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വെറ്ററിനറി സർവ്വകലാശാലയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്റ്റാഫ് സ്ട്രക്ച്ചറിൽ മാറ്റം വരുത്തുന്നതിനും അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം.

എമർജൻസി സർവ്വീസ് ആരംഭിക്കുന്നതിന് പഞ്ചായത്തുകൾക്ക് പെർമിസ്സീവ് സാംഗ്ഷൻ നൽകുന്നതിനും കൊണ്ടോട്ടി ഉൾപ്പെടെ എല്ലാ മുനിസിപ്പാലിറ്റികളിലും പോളി ക്ലിനിക്കുകൾ അനുവദിക്കുന്നതിനും ജില്ലാതലത്തിൽ സ്പെഷ്യാലിറ്റി കേഡർ സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. അനിമൽ പോപ്പുലേഷൻ കൂടുതലുള്ള പ്രദേശങ്ങളിൽ ജൂനിയർ വെറ്ററിനറി ഡോക്ടർമാരെയും മലപ്പുറം ജില്ലയിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെയും നിയമിക്കണം. എടവണ്ണയിലെ ഹാച്ചറി യൂണിറ്റിൽ ലാബ് ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്ന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനും എ.ബി.സി. പ്രോഗ്രാമിന് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. വെറ്ററിനറി സർവ്വകലാശാല നിയമനങ്ങൾക്ക് മാനദണ്ഡങ്ങളും വിദ്യാഭ്യാസ യോഗ്യതയും നിശ്ചയിച്ച് സുതാര്യത ഉറപ്പുവരുത്തണം.

## V അറിയിപ്പ്

### ചട്ടം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഉച്ചയ്ക്കുശേഷം 1.00 മണി മുതൽ 2.00 മണി വരെ 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണിക്കേണ്ടതുള്ളതിനാൽ

സഭയുടെ അനുമതിയോടെ ചട്ടം 151 (2)-ൽ ഇളവുവരുത്തിക്കൊണ്ട് രണ്ട് ബില്ലുകളുടെയും പരിഗണന പൂർത്തിയായതിനുശേഷം ധനവിനിയോഗ ബിൽ പരിഗണിക്കുന്നതാണ്.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>): വെറ്ററിനറി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട നല്ല നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് യൂണിവേഴ്സിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഉതകുന്ന തരത്തിലുള്ള നടപടി സ്വീകരിക്കുന്നതാണ്. എല്ലാ താലൂക്കുകളിലും പോളിക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും കൂടുതൽ മൃഗാശുപത്രികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ടി സർവ്വകലാശാലയിൽ സ്ഥിരം വൈസ്ചാൻസലറെ നിയമിക്കുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സർക്കാരിന്റെ അനുമതിയില്ലാതെ ആരംഭിച്ച കോഴ്സുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനും മുൻകയ്യെടുക്കുന്നതാണ്. തെക്കൻ കേരളത്തിൽ ഒരു വെറ്ററിനറി കോളേജ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കാലിത്തീറ്റയുടെ വിലവർദ്ധനവ് കണക്കിലെടുത്ത് പാൽവില കൂട്ടി അതിന്റെ ആനുകൂല്യം ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിനും

തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി സബ്സിഡി അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പുത്തൂർ സുവോളജി പാർക്കിലേയ്ക്ക് മൃഗങ്ങളെ മാറ്റുമ്പോൾ വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2 -ാം വകുപ്പ്

150, 151, 161, 166 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3 -ാം വകുപ്പ്

(ഭേദഗതിയില്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

106, 107, 109, 112, 114, 120, 121, 124, 125, 127 128, 137 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

(ii) 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: വനിതാ ശിശുക്ഷേമ വകുപ്പ് രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി സംബന്ധിച്ച് ഇറക്കിയ പ്രത്യേക ഓർഡിനൻസ് നിയമമാക്കി മാറ്റുന്നതിനാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും അനുവദിക്കുന്നതിനും ഹെൽപ്പർമാരുടെയും വർക്കർമാരുടെയും ജോലി സാഹചര്യം മെച്ചപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വാടകത്തുകയും നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനുള്ള തുകയും യഥാസമയം നൽകണം. പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിനും അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയം എല്ലാ മാസവും 5-ാം തീയതിക്കകം നൽകുന്നതിനും നടപടിയുണ്ടാകണം. ചികിത്സ/മരണാനന്തര/വിവാഹ ധനസഹായങ്ങളും വിദ്യാഭ്യാസ വായ്പയും പെൻഷനും വർദ്ധിപ്പിക്കാനും പലിശരഹിത വിദ്യാഭ്യാസ വായ്പ അനുവദിക്കാനും നിർമ്മാണവായ്പ 50 മാസത്തെ ഓണറേറിയത്തിന് തുല്യമാക്കാനും നടപടിയുണ്ടാകണം. അങ്കണവാടി വർക്കർമാരെയും ഹെൽപ്പർമാരെയും മറ്റ് പ്രവർത്തനങ്ങൾക്കായി നിയോഗിക്കുമ്പോൾ ലീവ് അനുവദിക്കുന്നതിനോ പ്രതിഫലം നൽകുന്നതിനോ സംവിധാനം ഏർപ്പെടുത്തണം.

ശ്രീ. ആന്റണി ജോണിനുവേണ്ടി ശ്രീമതി യു. പ്രതിഭ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

അങ്കണവാടി ജീവനക്കാരുടെ അംശദായം വർദ്ധിപ്പിച്ച് ന്യായമായ പെൻഷൻ നൽകാനും ജോലിഭാരം ലഘൂകരിക്കാനും കെട്ടിടങ്ങളുടെ വാടകത്തുക പഞ്ചായത്ത് ഫണ്ടിൽ വകയിരുത്താനും ഇടപെടലുണ്ടാകണം. ഐ.സി.ഡി.എസ്. പദ്ധതികളുടെ കേന്ദ്രവിഹിതം വെട്ടിക്കുറച്ച നടപടി പ്രതിഷേധാർഹമാണ്. അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം വർദ്ധിപ്പിക്കുകയും അങ്കണവാടികളിൽനിന്ന് കുട്ടികളെ പ്രീ-പ്രൈമറി സ്കൂളുകളിലേയ്ക്ക് മാറ്റാതിരിക്കാനുള്ള സാഹചര്യമുണ്ടാക്കുകയും അങ്കണവാടികളെ സ്മാർട്ടാക്കുന്ന പ്രവർത്തനങ്ങൾ ഏകീകരിക്കുകയും കുട്ടികൾക്ക് മുട്ടയും പാലും നൽകുന്നതിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയും ചെയ്യണം.

ശ്രീ. മഞ്ഞളാംകുഴി അലി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള

2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

അങ്കണവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനോ യാതൊരു പുതിയ നിർദ്ദേശവും ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. സംയോജിത ശിശു വികസന സേവന മിഷൻ പദ്ധതി പ്രകാരം അങ്കണവാടികൾ സംയോജിപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കുകയും കേന്ദ്രവിഹിതം വെട്ടിക്കുറച്ചതുമൂലം ജീവനക്കാരുടെ ശമ്പള വിഹിതത്തിലുണ്ടായ ബാധ്യത സർക്കാർ ഏറ്റെടുക്കുകയും ചെയ്യണം. 'നോൺ ഫോർമൽ എഡ്യൂക്കേഷൻ സമ്പ്രദായം' കൊണ്ടുവരികയും അങ്കണവാടികളിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും കൗമാരക്കാരായ പെൺകുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള ബോധവത്കരണവും പോഷകാഹാര വിതരണവും ഫലപ്രദമായി നടപ്പാക്കുകയും വേണം. ആദിവാസി മേഖലകളിലെ ശിശുമരണനിരക്ക് കുറയ്ക്കുന്നതിനുവേണ്ട നടപടികൾ അങ്കണവാടികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കണം. ഇതരസംസ്ഥാന

തൊഴിലാളികളുടെ കുട്ടികൾക്കും അങ്കണവാടികളിൽ പ്രവേശനമുറപ്പുവരുത്തണം. കുട്ടികൾക്ക് സൗജന്യ യൂണിഫോം അനുവദിക്കുകയും വർക്കർമാർ, ഹെൽപ്പർമാർ എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിക്കുകയും ജീവനക്കാരുടെ നിയമനങ്ങൾക്ക് പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുകയും യോഗ്യതയുടെ കാര്യത്തിൽ കൃത്യമായ മാനദണ്ഡം നിശ്ചയിക്കുകയും ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകളിൽ അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയ്യണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): അങ്കണവാടികളിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അങ്കണവാടികളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി സ്മാർട്ട് അങ്കണവാടി പ്രോജക്ട് തയ്യാറാക്കുകയും 200 അങ്കണവാടികൾ സ്മാർട്ടാക്കുന്നതിന് ഫണ്ട് അനുവദിക്കുകയും പഠനബോധനത്തിനാവശ്യമായ മോഡ്യൂൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ മാസവും 11-ാം തീയതിക്കുള്ളിൽ ഓണറേറിയം നൽകാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അങ്കണവാടി ജീവനക്കാരെ

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം വകുപ്പുമായി ചർച്ച ചെയ്യുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ പഞ്ചായത്തുകളിലും മുതിർന്ന പൗരന്മാർക്ക് പകൽവീട് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അങ്കണവാടി വർക്കർമാരുടെ ക്ഷേമനിധി പെൻഷൻ 2000 രൂപയും ഹെൽപ്പർമാർക്ക് 1200 രൂപയുമായി വർദ്ധിപ്പിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്കണവാടി മുഖേന 'സമ്പുഷ്ട കേരളം' പദ്ധതി നടപ്പിലാക്കാൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അങ്കണവാടികളുടെ വൈദ്യുതി പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഇതര സംസ്ഥാന തൊഴിലാളികളെ ലക്ഷ്യമാക്കി എറണാകുളമുൾപ്പെടെ 9 കേന്ദ്രങ്ങളിൽ ശിശുപരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

2-ാം ഖണ്ഡത്തിൽ (i)-ാം ഇനത്തിനു ശേഷം താഴെ പറയുന്ന ഇനം ചേർക്കുകയും നിലവിലുള്ള (ii)-ാം ഇനം (iii)-ാം ഇനമായി പുനരക്കം ചെയ്യേണ്ടതുമാണ്.

" (ii) ഖണ്ഡം (v)-ൽ " സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ " എന്ന വാക്കുകൾക്കു പകരം " വനിത ശിശു വികസന വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്."

140, 141, 145, 146, 147, 148, 149, 150, 151, 152, 153, 154, 155, 157, 160, 161, 162, 163, 164, 166, 170, 172, 177, 178, 180, 183, 184, 185, 186 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രിയുടെ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

192, 195, 205, 206 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

207-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

106, 107, 110, 111, 114, 116, 118, 121, 123, 125, 128, 139 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. നാടിന്റെ വികസനം ഉറപ്പുവരുത്തുന്ന പദ്ധതികളാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. തിരുവനന്തപുരം വിമാനത്താവളം ഏറ്റെടുത്ത് നടത്താൻ തീരുമാനിച്ചിരിക്കുന്നതും കിഫ്ബിയിലൂടെ ധനസമാഹരണം നടത്തിയതും അടിസ്ഥാനസൗകര്യ വികസനത്തിന് പ്രാധാന്യം നൽകിയതും

വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിൽ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്.

ശ്രീ. ഇ. കെ. വിജയൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സമസ്ത മേഖലകളുടെയും വികസനം ഉറപ്പുവരുത്താൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. ഗ്രാമീണ മേഖലയിലെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ഭാരതപ്പുഴ ഉൾപ്പെടെയുള്ള നദികളിലെ മണൽ നിക്ഷേപം ഉപയോഗപ്പെടുത്തി തൊഴിൽ സാധ്യത ഉറപ്പുവരുത്തണം.

ശ്രീ. മഞ്ഞളാംകുഴി അലി: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി നേരിടാൻ ഉത്തേജക പാക്കേജ് പ്രഖ്യാപിക്കണം. പെട്രോളിയം, മോട്ടോർ വാഹന സെസ് ഇനത്തിൽ ലഭിച്ചുകൊണ്ടിരുന്ന വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിക്ക് പ്രധാന കാരണം നികുതി പിരിവിലെ കെടുകാര്യസ്ഥതയാണ്.

ശ്രീ. മാത്യു ടി. തോമസ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും ഗുണപരമായ മാറ്റമുണ്ടാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ

പരിരക്ഷിക്കുന്നതിനും ഗ്രാന്റുകൾ യഥാസമയം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ഫണ്ട് അനുവദിക്കുന്നതിനും പ്രളയക്കെടുതിയിൽ തകർന്ന റോഡുകളും പാലങ്ങളും പുതുക്കിപ്പണിയുന്നതിനും നടപടി സ്വീകരിക്കണം. ചെറുകിട കരാറുകാർക്ക് ടാർ വിതരണം ചെയ്യുന്ന നടപടി പുന:സ്ഥാപിക്കുകയോ ബദൽ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യണം. കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടും നടപ്പാക്കാൻ സാധിക്കാത്ത പ്രവൃത്തികൾ പ്രത്യേകം പരിശോധിക്കുന്നതിന് നടപടിയുണ്ടാകണം.

ശ്രീ. കെ. യു. ജനീഷ് കുമാർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കൃത്യമായ ഇടപെടലിലൂടെ വികസനകാര്യങ്ങൾ നിർവ്വഹിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം, പോസ്റ്റ് മെട്രിക് സ്കോളർഷിപ് വിതരണം എന്നിവ സർക്കാരിന്റെ മികച്ച നേട്ടങ്ങളാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും ക്ഷേമ പെൻഷൻ തുക വർദ്ധിപ്പിച്ചതിനുപുറമെ കുടിശ്ശികയില്ലാതെ വിതരണം

ചെയ്യാനും സാധിച്ചിട്ടുണ്ട്. കാർഷിക-ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ കൈവരിച്ച നേട്ടം അഭിനന്ദനാർഹമാണ്.

ശ്രീ. പി. സി. ജോർജ്: ഭരണനേട്ടങ്ങൾ ഒന്നും അവകാശപ്പെടാനില്ലാത്ത സർക്കാരിന്റെ ധനമാനേജ്മെന്റ് തികഞ്ഞ പരാജയമാണ്. മുൻ രാഷ്ട്രപതി കെ. ആർ. നാരായണന്റെ സ്മൃതിമണ്ഡപം പുതുക്കിപ്പണിയാൻ നടപടി സ്വീകരിക്കണം.

ശ്രീ. എ. എൻ. ഷംസീർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഹരിത കേരളം, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ലൈഫ് എന്നീ പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടുണ്ട്. അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളത്തെ മാറ്റാനും സാംസ്കാരിക മേഖലയിൽ പുത്തനുണർവ്വുണ്ടാക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കിഫ്ബി വഴി നിരവധി പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സി.എം.ഡി.ആർ.എഫ്. സമയബന്ധിതമായും ഫലപ്രദമായും വിതരണം ചെയ്യുന്നതിൽ വന്ന വീഴ്ച സർക്കാരിന്റെ ധനവിനിയോഗ മാനേജ്മെന്റിന്റെ പാളിച്ചയാണ് സൂചിപ്പിക്കുന്നത്. പ്രളയാനന്തര ദുരിതാശ്വാസം

സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും സർഫാസി നിയമവുമായി ബന്ധപ്പെട്ട് നിയമസഭാ സമിതിയുടെ റിപ്പോർട്ട് വരുന്നതുവരെ ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2013-14 മുതൽ തുടർന്നുവരുന്ന സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനുവേണ്ടിയാണ് 2016-ലെ ബഡ്ജറ്റിൽ മാന്ദ്യ വിരുദ്ധ പാക്കേജിന്റെ ഭാഗമായി കിഫ്ബി കൊണ്ടുവന്നത്. വായ്പാ പരിധി കുറച്ച കേന്ദ്രസർക്കാർ സമീപനം അപലപനീയമാണ്. പ്രതീക്ഷിച്ച തോതിൽ ജി.എസ്.ടി. വരുമാനം ഉയർന്നിട്ടില്ല. വിവിധ പരിശോധനകളുടെ അടിസ്ഥാനത്തിൽ കിഫ്ബി വഴി 43,000 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിരിക്കുന്നത്. കിഫ്ബി പദ്ധതികളിൽ ക്രമക്കേട് കണ്ടെത്തിയാൽ സ്റ്റോപ്പ് മെമ്മോ നൽകുകയും അത് പരിഹരിക്കാത്തപക്ഷം റിസ്ക് ആന്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് റീബിൽഡ് കേരള പദ്ധതി വഴിയും സി.എം.ഡി.ആർ.എഫ്. വഴിയും പണം അനുവദിക്കുന്നതാണ്. ലോകബാങ്ക്

അനുവദിച്ച പണം ചെലവഴിക്കുന്നതിന് വ്യക്തമായ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 40 കോടി രൂപ നൽകുന്നതുൾപ്പെടെ സ്പെഷ്യൽ സ്കൂളുകൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. ഉഴവൂരിലെ കെ. ആർ. നാരായണൻ സ്മൃതിമണ്ഡപം സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ലോകബാങ്കിന്റെ പണം വകമാറ്റി ചെലവഴിച്ചുവെന്നത് അടിസ്ഥാനരഹിതമാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ദീർഘവീക്ഷണത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, പ്രളയത്തിൽ തകർന്ന റോഡ്, കുടിവെള്ള-ജലസേചന പദ്ധതികളുടെ പുനർനിർമ്മാണം, ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം തുടങ്ങി ലോകബാങ്ക് ഫണ്ടുപയോഗിച്ചുകൊണ്ടുള്ള പദ്ധതികൾ തയ്യാറായിക്കൊണ്ടിരിക്കുകയാണ്.

2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും</u>

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 31-ന് എതിരെ 68 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 5.09-ന് പിരിഞ്ഞു.